ഉത്തരം

(എ) 16 വർഷം

(ബി) ഡ്രാഫ്സ്റ്റുമാൻ, സിവിൽ, സർവ്വേയർ, ഇലക്ട്രീഷ്യൻ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്) എന്നീ അഞ്ച് ട്രേഡുകൾ ഇപ്പോഴുണ്ട്.

(സി) 2000-2001 സാമ്പത്തികവർഷം കെട്ടിടം പണി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത കെട്ടിടം പണിയുടെ എസ്റ്റിമേറ്റ് തുക 320 ലക്ഷം രൂപയാണ്.

(ഇ) ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

234 (2550) ഏവിയേഷൻ ട്രെയിനിംഗ് സെന്റർ ഏറ്റെടുക്കുന്നതിന് നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഏവിയേഷൻ ട്രെയിനിംഗ് സെന്റർ സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഈ സ്ഥാപനം ഇപ്പോൾ തന്നെ സർക്കാർ നിയന്ത്രണത്തിലുള്ള ഒരു കമ്പനിയാണ്. ഏറ്റെടുക്കേണ്ട ആവശ്യമില്ല.

(3) വൈകി കിട്ടിയ ഉത്തരങ്ങൾ

235 (2300) പഞ്ചിംഗ് സിസ്റ്റം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഓഫീസുകളിൽ പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) അതിനുവേണ്ടി എന്തെല്ലാം പ്രത്യേക ഏർപ്പാടുകൾ ചെയ്യേണ്ടതായി വന്നു.

(സി) ഈ സിസ്റ്റം ഏർപ്പെടുത്തുന്നതിനുവേണ്ടി എത്ര പഞ്ചിംഗ് മെഷീൻ വാങ്ങി; അതിനുവേണ്ടി എന്തു തുക ചെലവായി;

(ഡി) കമ്മീഷൻ വിളിച്ച ശേഷമാണോ ഈ യന്ത്രം വാങ്ങിയത് അല്ലെങ്കിൽ കാരണമെന്ത്;

(ഇ) പഞ്ചിംഗിനു വേണ്ടി എത്ര ജീവനക്കാരെ നിയമിച്ചു?

LIBRARY ARCHIVES Kerala Legislative Assembly